## തീവ്രവാദവും വീരപുത്രനും

വില : 7
2011 നവംബർ

# യുക്തിരാജ്യം


സ്വതന്ത്രചിന്താ മാസിക

## വുമൺ കോഡ്ബിൽ കുട്ടികൾ രണ്ടു മതി. അത് ദൈവനിഷേധമോ?



## കാക്കനാടന് ആദരാഞ്ജലികൾ

## അടുത്ത ലക്കത്തിൽ




# വിശ്വപ്രസിദ്ധ ചിന്തകൻ റിച്ചാർഡ് ഡോക്കിൻസിന്റെ ശ്രദ്ധേയമായ ലേഖനം

# 10 വയസ്സുള്ള തന്റെ മകൾക്കെഴുതിയ ചില കാര്യങ്ങൾ

# യുക്തിരാജ്യം

## സ്വതന്ത്രചിന്താ മാസിക


പുസ്തകം 1 | ലക്കം 60 | നവംബർ 2011

RNI Regn.No.KERMAL/02/1108
KL/QN/300/2009-11



എഡിറ്റർ
**ശ്രീനിപട്ടത്താനം**

എഡിറ്റോറിയൽ ബോർഡ് ചെയർമാൻ
**ഡോ.കെ.എസ്.ഡേവിഡ്**

എഡിറ്റോറിയൽ ബോർഡ്
**കെ.കെ.അബ്ദുൽ അലി**
**ടി.പരമേശ്വരൻ**
**ഡോ.ജോൺസൺ ഐരൂർ**
**അബ്ദുള്ള മേപ്പയൂർ**
**ആർ.കെ.മലയത്ത്**
**സെയ്ദ് മുഹമ്മദ് ആനക്കയം**

സ്റ്റാഫ് റിപ്പോർട്ടേഴ്സ്
**കണ്ണൻ ശിവരാമൻ**
**പി.റ്റി.വർഗ്ഗീസ്**
**രവി മൂവാറ്റുപുഴ**
**ബാബു പള്ളിക്കര**
**ഭാസ്ക്കരൻ പേക്കടം**

സ്പെഷ്യൽ കറസ്പോൺഡൻസ്
**പി.പി.സുമനൻ**
**പുരുഷൻ ഏലൂർ**
**അഡ്വ.കാസ്റ്റ്ലസ്**
**ഡോ.പി.കെ.നാരായണൻ**
**സി.എ.മണി പേഴയ്ക്കാപ്പിള്ളി**
**ശിവദാസൻ പേരാമ്പ്ര**
**ശാസ്താംകോട്ട ഭാസ്**
**കാരാളി രാമകൃഷ്ണൻ**



**ഓഫീസ് അഡ്രസ്സ്**
യുക്തിരാജ്യം
പട്ടത്താനം.പി.ഒ, കൊല്ലം -691 021
Email : yukthirajyam2011@gmail.com
Phone : 0474-2762033


## ഈ ലക്കത്തിൽ



**വുമൺ കോഡ് ബിൽ: തെറ്റിദ്ധാരണകളും യാഥാർത്ഥ്യവും**




**അബ്ദു റഹിമാൻ തീവ്രവാദത്തിന്റെ ഇരയോ? വീരപുത്രൻ എന്ന സിനിമയ്ക്കെതിരെ ഹമീദ് ചേന്ദമംഗലൂർ**



**കാക്കനാടന് ആദരാഞ്ജലികൾ**

**സി.എ.മണി പേഴയ്ക്കാപ്പിള്ളി**

# വുമൺ കോഡ് ബിൽ: തെറ്റിദ്ധാരണകളും യാഥാർത്ഥ്യവും



സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം മുൻനിർത്തി റിട്ടയർഡ് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ചെയർമാനായ 12 അംഗ കമ്മീഷൻ തയ്യാറാക്കി മുഖ്യ മന്ത്രി ഉമ്മൻചാണ്ടിക്ക് നല്കിയ റിപ്പോർട്ടിനെതിരെ മതസാമൂദായിക നേതൃത്വങ്ങളിൽ നിന്ന് രൂക്ഷമായ എതിർപ്പാണ് ഉയർന്നിരിക്കുന്നത്. ജന സംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട് കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങ ളാണ് മത യാഥാസ്ഥിതിക വിഭാഗ ങ്ങളെ പ്രകോപനം കൊള്ളിച്ചിരിക്കുന്ന ത്. ജനസംഖ്യ നിയന്ത്രണത്തെയാണ് പ്രകടമായി എതിർക്കപ്പെടുന്നതെങ്കി ലും, മനുഷ്യത്വരഹിതവും ദൈവ നിഷേധവുമായ റിപ്പോർട്ട് തള്ളികളയ ണമെന്നാണ് മുസ്ലീം ജമാഅത്ത് കൗൺസിലും കത്തോലിക്ക ഫെഡറേ ഷനും സുന്നി വിഭാഗവും മറ്റും ആവ ശ്യപ്പെടുന്നത്.

കൃഷ്ണയ്യർ കമ്മീഷൻ തയ്യാറാക്കിയ 92 പേജ് വരുന്ന റിപ്പോർട്ടിലെ പ്രസക്തമായ ശുപാർശകളിൽ വരുന്നത് ഇവയാണ്. സ്കൂളുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുക, ഹയർ സെക്കന്ററി തലംവരെ വിദ്യാഭ്യാസം സൗജന്യമാക്കുക, അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കുക, സൗജന്യ വിദ്യാഭ്യാസം നല്കുന്ന സ്കൂളുകൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ചെലവുകൾ സർക്കാർ തിരിച്ചു നല്കുക, സ്കൂൾ പ്രവേശനത്തിന് മുമ്പ് രക്ഷിതാക്കളെ അഭിമുഖം നടത്തുന്നതിന് ഒഴിവാക്കുക, സ്കൂൾ പ്രവേശനത്തിന് മുമ്പായി സംഭാവന വാങ്ങുന്നത് ഒഴിവാക്കുക, കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് പദ്ധതികൾ കൊണ്ടുവരുക, കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ നല്കുന്നവരെ ശിക്ഷിക്കുക, പൊതുസ്ഥലങ്ങളിലെ കുട്ടികളുടെ പുകവലി നിരോധിക്കുക, കുട്ടികൾക്ക് ജില്ലാ തലത്തിൽ ശിശുക്ഷേമ സമിതികൾ രൂപീകരിക്കുക, സംസ്ഥാന തലത്തിൽ ശിശുക്ഷേമ കമ്മീഷൻ രൂപീകരിക്കുക, പെൺകുട്ടികൾക്ക് തുല്യ നീതി ഉറപ്പു വരുത്തുക, വിവേചനങ്ങൾ ഒഴിവാക്കുക, ശൈശവ വിവാഹ നിരോധനം കർശനമാക്കുക,



പെൺകുട്ടികളെ വീട്ടു ജോലിക്ക് അയയ്ക്കുന്നത് നിറുത്തുക, കുട്ടികളെ ദത്തെടുക്കൽ നിയമം ഫലപ്രദമാക്കുക, 18 വയസ്സിൽ താഴെയുള്ള കുട്ടികളെ തൊഴിൽ എടുക്കുന്നതിൽ നിന്ന് പൂർണ്ണമായി തടയുക, ഈ വ്യവസ്ഥ ലംഘിക്കുന്നവരെ ശികഷിക്കുന്നതിന് നടപടി എടുക്കുക, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർക്കശമാക്കുക, ഇവ സംബന്ധിച്ച കേസുകൾക്ക് പ്രത്യേക സെല്ലുകൾ രൂപീകരിക്കുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാവുന്നവരെ പാർപ്പിക്കാൻ ഷെൽട്ടർ ഹോം സ്ഥാപിക്കുക, ഇരയാകുന്ന സ്ത്രീകൾക്ക് നഷ്ടപരിഹാരം നല്കുക, വിവാഹ സമയത്ത് ഗർഭ നിരോധന മാർഗ്ഗങ്ങൾ നല്കുക, വിവാഹ മോചനത്തിന് മാര്യേജ് ഓഫീസറുടെ നിയമനം, ഗർഭ ചിദ്രത്തിന് എല്ലാ ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തുക, ചെലവ് സൗജന്യമാക്കുക, ജനസംഖ്യ നിയന്ത്രണത്തിനായി രണ്ട് കുട്ടികൾ മതി എന്ന നയം നടപ്പിൽ വരുത്തുക, ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് കുട്ടികളിൽ കൂടുതലുള്ളവർക്ക് സർക്കാരിന്റെ ഒരു ആനുകൂല്യവും നല്കാതിരിക്കുക, രണ്ട് കുട്ടികൾ എന്ന നയത്തെ ബോധപൂർവ്വം

പരാജയപ്പെടുത്താൻ ശ്രമിക്കുന്ന വർക്കെതിരെ പതിനായിരം രൂപ പിഴയോ മൂന്ന് മാസം തടവോ ശിക്ഷ നല്കുക തുടങ്ങിയവയാണ് മുഖ്യമന്ത്രിക്ക് നല്കിയ റിപ്പോർട്ടിലെ ശുപാർശകൾ.

സാമൂഹിക പുരോഗതിയെ മുന്നിൽ കണ്ട് മാനുഷിക മൂല്യങ്ങൾക്ക് ഊന്നൽ നല്കികൊണ്ടാണ് കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് മുകളിൽ കൊടുത്തിട്ടുള്ള ശുപാർശകൾ വായിക്കുന്ന ആർക്കും ബോധ്യമാവുന്നതാണ്. ഈ റിപ്പോർട്ട് നിഷ്പക്ഷമായി പാലിക്കുകയോ മനസ്സിലാക്കാനോ കഴിയാത്ത സങ്കുചിത മത യാഥാസ്ഥിതിക നേതൃത്വങ്ങൾക്കാണ് രൂക്ഷമായ എതിർപ്പ് ഉള്ളത്. റിപ്പോർട്ടിലെ ശുപാർശകളിൽ യോജിപ്പുകൾ ഉണ്ടെങ്കിൽ അവ തുറന്ന് പറയാനും വിയോജിപ്പുകളെ തുറന്ന് കാണിക്കുന്നതിനും തയ്യാറാവാതെ റിപ്പോർട്ട് മൊത്തം തള്ളിക്കളയണമെന്ന് ആവശ്യപ്പെടുന്നത് മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കാത്ത സങ്കുചിത മതബോധം ഒന്നുകൊണ്ട് മാത്രമാണ്. വുമൺ കോഡ് ബിൽ മനുഷ്യത്വത്തിനും ഈശ്വര വിശ്വാസത്തിനും എതിരാണെന്ന കേരള കത്തോലിക്ക ബിഷപ്പ് കോൺഫറൻസ് അദ്ധ്യക്ഷനായ മാർ ആൻഡ്രു താഴത്തിന്റെ പ്രസ്താവന തന്നെ ഇതാണ് ചൂണ്ടികാണിക്കുന്നത്. കുട്ടികൾ എത്ര വേണമെന്ന് തീരുമാനിക്കുന്നത് ദമ്പതിമാരും ദൈവവുമാണെന്നാണ് അദ്ദേഹത്തിന്റെ വാദം. ഇതെ നിലപാടിൽ നിന്നുകൊണ്ടാണ് മുസ്ലീം ജമാ അത്ത് കൗൺസിലും കാത്തലിക് ഫെഡറേഷനും സുന്നി വിഭാഗവുമെല്ലാം റിപ്പോർട്ട് തള്ളി കളയണമെന്ന് ആവശ്യപ്പെടുന്നത്. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിൽ ജനസംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട ശുപാർശകളാണ് മത യാഥാസ്ഥികരെ കൂടുതൽ വിറകൊള്ളിച്ചിരിക്കുന്നതെന്നത് പകൽപോലെ വ്യക്തമാണ്. ഈ മത യാഥാസ്ഥിതിക നിലപാടുകളെ പിന്തുണക്കുന്ന തരത്തിലാണ് സുകുമാർ അഴിക്കോടിന്റെ നിലപാട് എന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്നുണ്ട്. നമുക്ക് രണ്ട് എന്ന് കൃഷ്ണയ്യർ ടീം സ്വമേധയാ തീരുമാനിച്ചത് ജനാധിപത്യ വിരുദ്ധമാണെന്നാണ് അദ്ദേഹത്തിന്റെ വാദം. അഴിക്കോട് പറയുന്നു. സന്താന സംഖ്യയുടെ അതിര് നാലാകണമെന്ന് അനേകം പേർ വിചാരിക്കുന്നു. ആൺ പെൺ മക്കൾ ഇടകലർന്ന് വരുന്നതും അവരുടെ സമഗ്രമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. രണ്ടും ആണോ പെണ്ണോ മാത്രമായാൽ പല വൈകല്യങ്ങളും കുട്ടികളിൽ ഉണ്ടാകുമെന്ന് മനസ്സിലാക്കാൻ ചുറ്റും നിരീക്ഷിച്ചാൽ മതി. നാലു മക്കളിൽ നാലും ഓരോ ഗണത്തിൽ ആയിക്കൂടെന്നുമില്ല...." (മാതൃഭൂമി 2011 സെപ്തംബർ 30).

അഴിക്കോട് എന്താണ് ഇങ്ങനെ



ബാലിശമായി ചിന്തിക്കുന്നത്? അഴീക്കോട് പറയുമ്പോലെ നമ്മുടെ പരിസരങ്ങളിൽ ഒന്ന് പരീക്ഷിച്ചു നോക്കാവുന്നതാണ്. രണ്ട് മക്കളിലെത്തി പ്രസവം നിറുത്താം എന്ന് കരുതിയവർപോലും ഒരു ആൺകുട്ടിക്കോ ഒരു പെൺകുട്ടിക്കോവേണ്ടി മക്കളുടെ എണ്ണം കൂട്ടി പ്രസവം നിറുത്തിയവരുടെ അനുഭവങ്ങൾ നമ്മുടെ നാട്ടിൽ അനവധിയുണ്ട്. മക്കൾ വർദ്ധിച്ച് ആൺ പെൺ മക്കൾ ഇടപെട്ട് വളരുന്നത് പരിമിതമായ ഗുണങ്ങൾ ഒരുപക്ഷെ കണ്ടേക്കാം. ഈ പരിമിതമായ ഗുണങ്ങൾക്ക് വേണ്ടി ജനസംഖ്യ വർദ്ധിപ്പിച്ചാലത്തെ സ്ഥിതി എന്താവും? നാലും അഞ്ചും ആറും മക്കളുണ്ടായിട്ടും നാട്ടിൽ അനേകം കുടുംബങ്ങൾക്ക് നല്ല വിദ്യാഭ്യാസം നല്കുന്നതിനോ, കുടുംബാന്തരീക്ഷം നല്കുന്നതിനോ, തൊഴിൽ നല്കുന്നതിനോ പോലും കഴിയാതെ പ്രാരാംബ്ദങ്ങളുടെ നടുവിൽ ജീവിതം ജീവിച്ചു തീർക്കുന്ന ആയിരക്കണക്കിന് ആളുകൾ കേരളത്തിലുണ്ട്. പെൺമക്കളെ വിവാഹം കഴിച്ചയപ്പിക്കാൻ പോലും നിർവാഹമില്ലാതെ വിവാഹചെലവിനുവേണ്ടി തെണ്ടി നടക്കുന്ന നിസ്സഹായരായ ക്ഷീണിച്ചു മെലിഞ്ഞ രക്ഷിതാക്കളെ അഴീക്കോടു കണ്ടിട്ടുണ്ടാവില്ല. ജനസംഖ്യ നിയന്ത്രണത്തിനെതിരെ വാളെടുത്ത് ഉറഞ്ഞുതുള്ളുന്ന കേരളത്തിലെ മുസ്ലീം വിഭാഗങ്ങളിൽപോലും അവരുടെ ഭൂരിപക്ഷ വാസ സ്ഥലങ്ങളിലെ നിത്യ കാഴ്ചയാണ് ഇത്. സ്വന്തം മസ്തിഷ്കം മതപൗരോഹിത്യരും വിശുദ്ധഗ്രന്ഥങ്ങൾക്കുംവേണ്ടി പണയപ്പെടുത്തിയ മതവിശ്വാസികൾക്ക് ജനസംഖ്യ വർദ്ധനവിന്റെ ദുഷ്ഫലങ്ങൾ ഒരിക്കലും കാണാൻ കഴിയില്ല. കൊച്ചു കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യതന്നെ $3\frac{1}{2}$ കോടി കവിയുമെന്നാണ് റിപ്പോർട്ട്. വർദ്ധിച്ച ജനസംഖ്യയും പരിമിതമായ വിഭവങ്ങളും ദാരിദ്ര്യം വർദ്ധിപ്പിക്കാനും സാമൂഹ്യ പുരോഗതി തടസ്സപ്പെടുത്താനു മാത്രമാണ് ഉപകരിക്കുക. ജനസംഖ്യ വർദ്ധനവിലെ പരിമിതമായ ഗുണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന അഴീക്കോടിന് പഴയ കൂട്ടുകുടുംബ വ്യവസ്ഥയിലെ ഗുണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും.



അഴീക്കോട് ഉയർത്തുന്ന മറ്റൊരു വാദം. ഇത്രയേറെ അഭിപ്രായ ഭിന്നതയും താൽപ്പര്യ വൈവിധ്യവുമുള്ള ഒരു വിഷയത്തിൽ ഒരു കമ്മിറ്റി ഏകപക്ഷീയമായി എണ്ണവും ശിക്ഷയുമെല്ലാം തിട്ടപ്പെടുത്തിയത് ആശ്ചര്യകരം തന്നെ. ബിൽ പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു കാണുന്നില്ല" എന്നാണ്. അഴീക്കോട് ഇത് കാണപ്പെടുന്നതുപോലെ ബിൽ പൊതുജനങ്ങളിൽ

ചർച്ച ചെയ്യപ്പെടുന്നത് നല്ലതാണ്. വിഭിന്ന താൽപ്പര്യങ്ങളും മതബോധങ്ങളും വച്ചു പുലർത്തുന്ന ഒരു ബഹുമത സമൂഹത്തിൽ ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടായശേഷം ജനസംഖ്യ നിയന്ത്രണം സംബന്ധിച്ച് തീരുമാനം മതി എന്ന് പറയുന്നത് മണ്ടത്തരമാണ്. പാർലമെന്റിൽ പാസ്സാക്കാൻ കഴിയാത്ത കോമൺ സിവിൽ കോഡിന്റെയും വനിത ബില്ലിന്റെയുമെല്ലാം ഗതി നമ്മുടെ മുന്നിലുണ്ട്. ഇവ സംബന്ധിച്ച ചർച്ചകൾ വർഷങ്ങളായി നടന്നു വരുന്നതാണ്. എന്നിട്ടും ഇവ പാർലമെന്റിൽ പാസ്സാക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടികളുടെ പ്രശ്നങ്ങളിലായാലും സ്ത്രീകളുടെ പ്രശ്നങ്ങളിലായാലും ശരിയായ അവബോധമുള്ളവർ കമ്മീഷനുകളായി വരിക എന്നതാണ് പ്രധാനം. ഇത്തരത്തിൽ ശരിയായ ബോധം ഉള്ളവരായതുകൊണ്ടാണ് മാനുഷിക മൂല്യങ്ങൾ റിപ്പോർട്ടിൽ ഉയർന്നു കാണുന്നത്.

പ്രാരാബ്ദങ്ങളും കഷ്ടതകളും സഹിക്കുന്ന വേദനയിൽപ്പെട്ട് ഉഴലുന്ന, കുട്ടികൾ ഉണ്ടാകുന്നതുപോലും ദൈവത്തിന്റെ സൃഷ്ടിയാണെന്ന് വിശ്വസിക്കുന്ന സാധാരണ വിശ്വാസികളെ മതനേതൃത്വങ്ങൾക്കും പുരോഹിത വിഭാഗത്തിനും ആവശ്യമാണ്. പീഡാനുഭവങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് കുരിശുമല കയറ്റിയും രണ്ട് ആരാധാന കേന്ദ്രങ്ങളിൽ തള്ളി കയറുന്ന ഭക്തജന തിരക്ക് സൃഷ്ടിക്കാനും മതനേതൃത്വങ്ങൾക്ക് താൽപ്പര്യമുണ്ട്. മതനേതൃത്വത്തിന് വരുമാനം കൂട്ടിയാൽ ജീവിതം കൂടുതൽ സുഖകരമാക്കാൻ കഴിയും. ആൾക്കൂട്ടത്തിന്റെ പേരിൽ അഹങ്കരിക്കാനും, കണക്ക് പറഞ്ഞ് വീതംവയ്പ്പ് നടത്താനും, കപട പുണ്യവാളന്മാരുടെ ജീവിത സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കുഞ്ഞാടുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽപോലും പണം വാരിക്കൂട്ടാൻ പാടുപെടുമ്പോൾ അതിനെ തടയുന്ന കൃഷ്ണയ്യർ കമ്മീഷൻ ശുപാർശകൾ തള്ളി കളയേണ്ടത് പ്രത്യേകിച്ച് ന്യൂനപക്ഷ മതനേതൃത്വങ്ങളുടെ ആവശ്യമായി മാറുന്നു. അതിനുവേണ്ട സമർദ്ദ തന്ത്രങ്ങളാണ് സർക്കാരിൽ അവർ ചെലുത്തുന്നത്.

കേരളത്തിലെ ഭൂരിപക്ഷ വിഭാഗക്കാരായ ഹൈന്ദവ വിഭാഗങ്ങളിൽ നിന്ന് കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിനെതിരെ പ്രതിഷേധം ഉയർന്നുവരാത്തത് ജനസംഖ്യ വർദ്ധനവിന്റെ ദുഷ്യവശങ്ങളെപ്പറ്റി അവർ കൂടുതൽ ബോധവാന്മാരായി എന്നതാണ്. മാത്രമല്ല ഹൈന്ദവ സംഘടനകൾപോലും കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിനെ പരസ്യമായി പിന്തുണയ്ക്കാനും തയ്യാറാവുന്നുണ്ട്.

ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലത്ത് നടപ്പിൽ വന്ന ദേശീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായിട്ടാണ് കുടുംബാസൂത്രണ പദ്ധതി നിലവിൽ വന്നത്. നെഹ്റുവിന് ശേഷം വന്ന ഭരണാധികാരികൾ കുടുംബാസൂത്രണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിരുന്നെങ്കിൽ ഇന്ത്യയിലെ ജനസംഖ്യ ഇന്നത്തെപോലെ വർദ്ധിക്കുമായിരുന്നില്ല. 2011 ലെ ജനസംഖ്യ കണക്കെടുപ്പ് പൂർണ്ണമായി പുറത്ത് വരുമ്പോൾ ഏതാണ്ട് 110 കോടിയിലേറെ വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത്തരം ഒരു ഘട്ടത്തിലാണ് വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ എല്ലാം മുൻപന്തിയിൽ നില്ക്കുന്ന കൊച്ചു കേരളത്തിലെ ജനസംഖ്യ ഘട്ടഘട്ട

മായിട്ടെങ്കിലും കുറച്ചുകൊണ്ട് വരേണ്ട തിനെപ്പറ്റി ചർച്ച ചെയ്യപ്പെടേണ്ടത്. കുടുംബാസൂത്രണ നയത്തെ ഞാൻ എതിർക്കുന്നില്ല എന്ന് സുകുമാർ അഴീക്കോട് ആണയിടുന്നുവെങ്കിലും ഫലത്തിൽ ജനസംഖ്യ നിയന്ത്രണത്തെ തകർക്കുകയാണ് അഴീക്കോട് ചെയ്യുന്നത്. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിന്റെ പിന്നിലെ കരണങ്ങൾപോലും അമേരിക്കയുടെതാവാമെന്ന ജമാഅത്ത് ഇസ്ലാമിയുടെയും അഴീക്കോടിന്റെയുമെല്ലാം വ്യഗ്രത ആരെ രക്ഷിക്കാനാണ്? സങ്കുചിത സ്വാർത്ഥ താൽപ്പര്യങ്ങൾ ലക്ഷ്യമാക്കി ജനസംഖ്യ കൂട്ടാനും, കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ആക്രമിക്കാനും കത്തോലിക്കാ സഭ തയ്യാറാവുന്നത് സാമൂഹ്യ പുരോഗതിയെ തടയാനെ ഉപകരിക്കുകയുള്ളൂ. ജനസംഖ്യ നിയന്ത്രണം ബോധപൂർവ്വം തകർക്കാൻ ശ്രമിക്കുന്ന ഇത്തരം വർഗ്ഗീയ വാദികളെ ജയിലിലടയ്ക്കാൻ ശുപാർശ ചെയ്യുന്ന കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ നടപടി എടുക്കുകയാണ് വേണ്ടത്. കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിലെ ബഹുഭൂരിപക്ഷം പേരും ജനസംഖ്യ നിയന്ത്രണത്തോട് ആഭിമുഖ്യം വച്ചു പുലർത്തുന്നവരാണ്. അവരിൽ ഇന്നത്തെ തലമുറയിലെ ബഹുഭൂരിപക്ഷംപേരും കുട്ടികൾ ഒന്നോ, രണ്ടോ, എണ്ണത്തിൽ പരിമിതപ്പെടുത്തിവരുമാണ്. പരിമിതമായ വിഭവങ്ങൾകൊണ്ട് കാര്യക്ഷമതയുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് യുക്തിവാദികളുടെ ജീവിത ലക്ഷ്യം തന്നെ. ന്യൂനപക്ഷ മതങ്ങളോ സമുദായങ്ങളോ ആളെ കൂട്ടാൻവേണ്ടി ജനസംഖ്യ വർദ്ധിപ്പിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും നടത്തുന്ന ഒരു ശ്രമങ്ങളും യുക്തിവാദി പ്രസ്ഥാനത്തിന് ആളെ കൂട്ടാൻ വേണ്ടി ശ്രമിക്കാറില്ല. പ്രസ്ഥാനത്തിന് ആളെ കൂട്ടുന്നതിന് ആശയപ്രചരണമാണ് വേണ്ടത്. ആശയത്തോട് താൽപ്പര്യമുള്ളവർ അവരെ പിന്തുണയ്ക്കും. ചിന്തശേഷിപോലും ഉണ്ടാകും മുമ്പ് കുട്ടികളെ സുന്നത്ത് നടത്തിയും, ഓരോ ദിവസമുക്കിയും മതത്തെ അടിച്ചേൽപ്പിക്കുന്നത് മനുഷ്യാവകാശ ലംഘനമാണ്. ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള ഒരു വ്യക്തിക്ക് കിട്ടേണ്ട സ്വാതന്ത്ര്യമാണ് മതങ്ങൾ കവർന്നെടുക്കുന്നത്. മതങ്ങളുടെ ഇത്തരം കാപട്യങ്ങൾ അണികൾ മനസ്സിലാക്കേണ്ടതുണ്ട്. ജനസംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട ഏറെ തെറ്റിദ്ധതിപ്പിക്കപ്പെട്ട് ഒന്നാണ് ഭ്രൂണഹത്യ സംബന്ധിച്ചുള്ളത്. ഭ്രൂണഹത്യ പാപമാണെന്നും ദൈവനിഷേധമാണെന്നും പറയുന്ന മതത്തിന്റെ വക്താക്കൾ അറിയേണ്ട ഒരു കാര്യമുണ്ട്. ജനസംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട് ശരിയായ ബോധമുള്ളവർക്ക് ഭ്രൂണഹത്യയുടെയോ വന്ധ്യകരണത്തിന്റെയോ ആവശ്യം വരില്ല എന്നുള്ളതാണ്. ഭ്രൂണഹത്യയും വന്ധ്യകരണവുംമെല്ലാം അപൂർവ്വത്തിൽ അപൂർവ്വമായി വരണം. സാമൂഹ്യ പുരോഗതിക്ക് ഊന്നൽ കൊടുക്കുന്ന ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന് കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് അവഗണിക്കാൻ കഴിയില്ല. ജനസംഖ്യ നിയന്ത്രണത്തിന് മറ്റ് ഒറ്റമൂലികളൊന്നും ഇല്ല. കുടുംബാസൂത്രണ നയം ബോധപൂർവ്വം അട്ടിമറിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷകൾ നടപ്പിലാക്കുകയാണ് വേണ്ടത്. ***

അബ്ദുൽ മജീദ് യു. പി.



# മനുഷ്യാവകാശ പ്രവർത്തനത്തിന്റെ ഭൂതലം

മാനവികത, മതനിരപേക്ഷത, വ്യക്തിവാദം, ജനാധിപത്യം എന്നീ ആശയങ്ങളെല്ലാം ആധുനികതയിലേക്കുള്ള വിഭിന്ന വാതിൽപ്പടികളും പരസ്പരം ബന്ധപ്പെട്ടവയുമാണ്. മനുഷ്യവ്യക്തിയുടെ അന്തസ്സും സ്വാതന്ത്ര്യവും പരമപ്രധാനമായി പരിഗണിക്കുന്ന ദർശനമാണ് മാനവികത. ആധുനികത രാഷ്ട്രമീമാംസയ്ക്ക് നൽകിയ സംഭാവനയാണ് ജനാധിപത്യം എന്നു

തിരിച്ചറിയുമ്പോഴേ ഇവിടെ ജനാധിപത്യത്തിന്റെ പേരിൽ നടക്കുന്ന പ്രഹസനങ്ങളും അതിന്റെ സംവിധാനങ്ങളുപയോഗിച്ചുതന്നെ അതിനെ തകർക്കാൻ നടക്കുന്ന ശ്രമങ്ങളുടെ കുടിലതയും വ്യക്തമാകൂ. ജ്ഞാനോദയ പ്രസ്ഥാനത്തിന്റെ അടിസ്ഥാനമാണ് യുക്തിവാദവും പരീക്ഷണാത്മക ശാസ്ത്രവും. ഇവയെല്ലാം യൂറോപ്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഭാഗമായി മനുഷ്യരാശിക്കു ലഭിച്ച പുരോഗമന ചാലകങ്ങളാണ്.

വിദൂരഭൂതകാലത്തിൽ നിലയുറപ്പിക്കാനോ അതിനുസമാനമായ സാഹചര്യം സൃഷ്ടിച്ചെടുക്കാനോ തികച്ചും അയുക്തികമായി ആഗ്രഹിക്കുന്ന ശക്തികൾ നമുക്കിടയിൽ അനവധിയാണ്. മതങ്ങളുടെ, കക്ഷിരാഷ്ട്രീയത്തിന്റെ ഉത്തരാധുനികതപോലുള്ള അസംബന്ധ സംജ്ഞകളുടെയെല്ലാം വേഷാലങ്കാരങ്ങളോടെ അവ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഉത്തമമായ സംഭാവനകളെയെല്ലാം അപഹസിക്കാനും നശിപ്പിക്കാനും അതുവഴി ഭാവി കനത്ത അന്ധകാരത്തിന്റേതാക്കി മാറ്റാനും ശക്തിയും ആകും വിധമെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. മുഴുവൻ ശക്തിയും സാധ്യതകളും സംരക്ഷിക്കാനും വിപുലപ്പെടുത്താനും തയ്യാറായില്ലെങ്കിൽ മദ്ധ്യകാല യൂറോപ്പിന്റേതായി നാം വായിച്ചറിഞ്ഞ അന്ധതയേക്കാൾ കഠിനവും ക്രൂരവുമായ ഒരു കാലഘട്ടത്തിലേക്ക് നാം വഴുതിവീണുപോയേക്കും. സമഗ്രാധിപത്യത്തിന്റെ കെടുതികളിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനും ഫാസിസത്തിന്റെ പൂർണ്ണവും നഗ്നവുമായ രംഗപ്രവേശം അസാധ്യ



മാക്കിത്തീർക്കുന്നതിനും മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ശരിയായ ബോധം പുരോഗമനവാദികൾക്കെല്ലാം ഉണ്ടായിരിക്കണം.

അന്ധവിശ്വാസികളോ, വർഗ്ഗീയവാദികളോ, ഭീകരവാദ പ്രസ്ഥാനങ്ങളുടെ ഉച്ഛിഷ്ടം ഭക്ഷിച്ചു കഴിയുന്നവരോ ആയ കേസും ഫീസുമില്ലാത്ത വക്കീലന്മാരെ ഏല്പിച്ച് മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനാവില്ല. ചിലർ മനുഷ്യാവകാശങ്ങളെക്കുറിച്ച് സംസാരിക്കുന്നതു കേട്ടാൽ കാലഹരണം വന്ന ചില വേദഗ്രന്ഥങ്ങളിലെ വരികൾ മാന്ത്രികമായി ബഹുജന പ്രസ്ഥാന രൂപം പൂണ്ട് പ്രത്യക്ഷമായിരിക്കയാണെന്ന് തോന്നും. മറ്റു ചിലർക്ക് തങ്ങളുടെ കക്ഷിരാഷ്ട്രീയ നിലപാടിൽ നിന്നുളവാകുന്ന മൂഢതകൾ പ്രചരിപ്പിക്കാനുള്ള ഒരു വേദിയായി ഉപയോഗിക്കാനുള്ളതാണ് മനുഷ്യാവകാശ പ്രസ്ഥാനം.




ഈ പ്രസ്ഥാനത്തിന്റെ ദാർശനികമായ തുടർച്ചയുടെ യഥാർത്ഥ അവകാശികൾ പക്ഷേ, ഈ വിധ സംഘടനകളൊന്നും തങ്ങളുടെ നേതൃത്വത്തിലോ നിയന്ത്രണത്തിലോ ആവശ്യമില്ല എന്ന കുറ്റകരമായ അലംഭാവത്തിലാണ്. മനുഷ്യാവകാശങ്ങൾ എന്ന പ്രയോഗവും അതിനു നിദാനമായ പ്രസ്ഥാനത്തിന്റെ സവിശേഷതകളും പഠിച്ചുറപ്പിച്ച് യഥാർത്ഥ മനുഷ്യാവകാശ പ്രസ്ഥാനം രൂപപ്പെടാനാവശ്യമായ ഒരു സാഹചര്യം സൃഷ്ടിക്കാൻ യുക്തിവാദികൾക്ക് ബാധ്യതയുണ്ട്. ആധുനിക രാഷ്ട്രമീമാംസയുടെ ചരിത്രവും സവിശേഷതകളും സ്വായത്തമാക്കാതെ ജനാധിപത്യ സംസ്ക്കാരത്തിന്റെ സദ്ഫലങ്ങളിൽ പലതും നിഷേധിക്കപ്പെട്ടിരിക്കുന്ന നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും സന്ദേഹവാദികൾക്കും തമ്മിലുള്ള മതതരവാദികൾക്കും ശാസ്ത്രീയമായോ ഫലപ്രദമായോ പ്രവർത്തിക്കാനാകില്ല.

മനുഷ്യ ജീവിയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ മൂല്യമാണ് അതിജീവനം. നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിൽ നിന്നാണ് അവൻ അനുഭവങ്ങൾ സമാഹരിക്കുന്നത് ജീവിതത്തിന്റെ അനുഭവങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കാൻ, അതുവഴി അറിവ് സമാഹരിക്കാൻ യുക്തിബോധം മനുഷ്യനെ സഹായിക്കുന്നു. നിലനിൽപ്പിനുവേണ്ടുയുള്ള പോരാട്ടത്തിന്റെ കൂടുതൽ ഉയർന്ന ഒരു രൂപം തന്നെയാണ് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ത്വര. അറിവു വർദ്ധിക്കുന്നതിനനുസരിച്ച് മൂല്യങ്ങളുടെ ആവശ്യകതയും പരസ്പരബന്ധവും മറ്റും സംബന്ധിച്ച ധാരണകളിലും വികാസമുണ്ടാകും. ധാർമിക മൂല്യങ്ങൾക്ക് ഒരു പ്രസക്തിയും കൽപ്പിക്കാത്ത ഒരു സമൂഹം നിലനിൽക്കുകയില്ല.

അതിനാൽ വ്യക്തിയുടെ നിലനിൽപ്പിനു തന്നെ ആധാരമാകുന്നു ധാർമ്മികത. ഈ അർത്ഥത്തിൽ ജ്ഞാനപ്രബോധിതമായ സ്വാർത്ഥതാൽപ്പര്യമാണ് സദാചാരം എന്നു പറയാറുണ്ട്. ധാർമ്മിക ബോധത്തോടെ ജീവിക്കുന്നത് സ്വാതന്ത്ര്യബോധത്തിനു നിരക്കുന്നതല്ലെന്നോ സദാചാര നിയമങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നുവെന്നോ യുക്തിവാദികൾ കരുതുന്നില്ല. സ്വാഭാവികമായും ഉയർന്ന സാംസ്കാരിക നിലവാരത്തിൽ എത്തി എന്ന് അഭിമാനിക്കുന്ന ആധുനിക മനുഷ്യൻ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനു നിദാനമായി സ്വീകരിക്കേണ്ട പ്രമാണങ്ങൾ എന്തെല്ലാം ആയിരിക്കണം?

മനുഷ്യന്റെ സഹജമായ ഗുണമാണ് യുക്തിബോധം. എന്നാൽ ഈ യുക്തി ബോധത്തെ വേണ്ടവിധത്തിൽ പ്രയോഗിക്കാനോ വ്യക്തിക്കും സമൂഹത്തിനും ആവശ്യമായ വിധത്തിൽ പ്രയോജനപ്പെടുത്താനോ പലർക്കും കഴിയുന്നില്ല. ഇങ്ങനെ തടസ്സമുണ്ടാക്കുന്നതിൽ സുപ്രധാന പങ്ക് മതങ്ങൾക്കും അധികാരസ്ഥാപനങ്ങൾക്കുമുണ്ട്. ലോകമഹായുദ്ധങ്ങളുടെ അനുഭവങ്ങളിൽ നിന്നും പാഠം പഠിച്ച ഇരുപതാം നൂറ്റാണ്ടിലെ സ്വമനസ്സുകൾ അന്തസ്സും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് ആഗോളാടിസ്ഥാനത്തിൽ തന്നെ കൂട്ടായ ചിന്തയും പ്രവർത്തനവും ആവശ്യമാണെന്ന് കരുതി. ഒരു മനുഷ്യാവകാശ പ്രഖ്യാപനം പുറത്തിറക്കുന്നതിനു സഹായകമാകത്തക്ക വിധത്തിൽ ഒരു കരടു രേഖ തയ്യാറാക്കുകയുണ്ടായി. മനുഷ്യാവകാശങ്ങളെക്കുറിച്ച് ആഗോള ധാരണ വ്യാപിപ്പിക്കുന്നതിവനു സഹായകമായ പൊതുനിദാനങ്ങൾ കണ്ടെത്തുന്നതിന് യുനെസ്കോ (വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമായുള്ള ഐക്യരാഷ്ട്ര സഭയുടെ സംഘടന) വിവിധ ചിന്തകർക്കും എഴുത്തുകാർക്കും ഒരു ചോദ്യാവലി അയച്ചുകൊടുത്തു. വ്യത്യസ്ഥമായ സാംസ്കാരിക, മത, രാഷ്ട്രീയ പാരമ്പര്യങ്ങളിൽ നിന്ന് പൊതുവായ ഒരു മനുഷ്യാവകാശ ഭാഷ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ടായിരുന്നു. മനുഷ്യാവകാശങ്ങളുടെ ഒരു പട്ടിക രൂപപ്പെടുത്താൻ അവർക്കു കഴിഞ്ഞു.


ആമുഖവും പതിനൊന്നു പ്രമാണങ്ങളും അടങ്ങുന്ന കരടു രേഖയുടെ അടിസ്ഥാനത്തിൽ നടന്ന ചർച്ചകളുടെ ഫലമായാണ് ഇന്നു നാം അറിയുന്ന മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിക്കപ്പെട്ടത്. അതിന്റെയൊന്നും പ്രസക്തി മനസ്സിലാക്കാൻ തയ്യാറില്ലാത്ത ചരിത്ര ശക്തികൾ നമ്മുടെ സമൂഹത്തിലും പ്രവർത്തനക്ഷമമാണ്. ആഗോളാടിസ്ഥാനത്തിൽ യുക്തിവാദ സംസ്കാരം ഇനിയും ഏറെ പ്രമാണ രേഖ പ്രസിദ്ധീകരിക്കുന്നതുകൊണ്ടു മാത്രം മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടും എന്നു കരുതുക വയ്യ. മാത്രമല്ല, കരടു രേഖയുടെ വ്യക്തമായ പ്രമാണങ്ങൾ അതേപടി അംഗീകരിക്കാൻ പ്രയാസമുള്ള രാഷ്ട്രങ്ങൾ ഇന്നും ലോകരാജ്യങ്ങൾക്കിടയിൽ ഉണ്ട്.

ഇതിനർത്ഥം മനുഷ്യാവകാശ പ്രവർത്തകർക്ക് നേരിടേണ്ടി വരുന്നത് തങ്ങളുടെ ഭരണകൂടത്തിന്റെ ഭാഗത്തു നിന്നു വരുന്ന അടിച്ചമർത്തലുകളെ മാത്രമല്ല. ആഗോളാടിസ്ഥാനത്തിൽ വിദേശ ഭരണകൂടങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഛിദ്രശക്തികൾക്കെതിരായിട്ടു കൂടിയായിരിക്കും എന്നതാണ്. കേരളത്തിൽ സത്യത്തിനു വേണ്ടി പരിശ്രമിക്കുന്ന നിർമ്മലരായ വ്യക്തികൾ ഈ വസ്തുത തിരിച്ചറിഞ്ഞു തുടങ്ങി. മനുഷ്യാവകാശ പ്രവർത്തനത്തിനു നിദാനമായിരിക്കേണ്ട അടിസ്ഥാന രേഖയെന്ന നിലയിൽ കരടു പ്രഖ്യാപനം ഭാഷാന്തരം ചെയ്ത് മലയാളികൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. സമാന ചിന്താഗതികൾക്കിടയിൽ ഇത് വിപുലമായി ചർച്ചകൾക്ക് അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ എല്ലാ മതനിരപേക്ഷവാദികളും പരമാവധി പരിശ്രമിക്കേണ്ടതുണ്ട്.

***



**സെയ്ത് മുഹമ്മദ് ആനക്കയം**



# അബ്ദു റഹിമാൻ തീവ്രവാദത്തിന്റെ ഇരയോ? വീരപുത്രൻ എന്ന സിനിമയ്ക്കെതിരെ ഹമീദ് ചേന്ദമംഗലൂർ

പ്രസിദ്ധ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് സമർത്ഥിച്ചുകൊണ്ട് ശ്രീ.പി.ടി.കുഞ്ഞുമുഹമ്മദ് സംവിധാനം ചെയ്ത 'വീരപുത്രൻ' സംവാദം സൃഷ്ടിച്ചിരിക്കുന്നു. കഥാന്ത്യത്തിൽ ചേന്ദമംഗലൂരിലെ അധികാരിയായിരുന്ന കളത്തിങ്ങൽ തറവാട്ടിൽ നിന്ന് അത്താഴം കഴിച്ച ശേഷം പൊറ്റശ്ശേരിയിലേക്ക് പോകും വഴി കുഴഞ്ഞു വീണു മരിക്കുന്നതാണ് ചിത്രീകരിച്ചിട്ടുള്ളത്. ആ തറ






വാട്ടിലെ പ്രതിനിധിയും പ്രസിദ്ധ എഴുത്തുകാരനുമായ ശ്രീ ഹമീദ് ചേന്ദമംഗലൂരാണ് ഈ സിനിമക്കെതിരെ തന്റെ പ്രതിഷേധം അറിയിച്ചത്.

'ഖാൻ ബഹദൂർ പട്ടം കിട്ടിയിരുന്ന തന്റെ കുടുംബം പാകിസ്ഥാൻ വാദക്കാരായിരുന്നില്ല. അതിന്റെ മുമ്പും പലതവണ ഞങ്ങളുടെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ചിട്ടുള്ള ആളാണദ്ദേഹം. പടത്തിൽ ഭക്ഷണം കഴിക്കുന്നതും പാകിസ്ഥാൻ തീവ്രവാദിയായ ഒടയത്ത് സാഹിബിനെ പിന്തുടരുന്നതും ഭക്ഷണം കഴിക്കുന്ന സംതൃപ്തിയോടെ നോക്കി നിൽക്കുന്നതും സാഹിബ് കുഴഞ്ഞു വീണു മരിക്കുന്നതു വരെ പിന്തുടർന്ന് മരിച്ചു എന്ന് ഉറപ്പു വരുത്തി സംതൃപ്തിയോടെ തന്റെ ദൗത്യം നിർവ്വഹിച്ച് മടങ്ങുന്നതായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. ഇതിന്റെ പിന്നിൽ ഞങ്ങളുടെ കുടുംബമാണെന്ന ധ്വനിയാണ് പടം നൽകുന്നത്. ഇത് വസ്തുതയല്ലെന്നും സിനിമ ചിത്രീകരിക്കുന്നതിന് മുമ്പ് തന്നെ ഞാൻ സംവിധായകനെ കണ്ടപ്പോൾ പറഞ്ഞിരുന്നു. അതുകൊണ്ട് തന്റെ കുടുംബത്തെ കരിവാരി തേക്കാനുള്ള ഒരു കുത്സിത ശ്രമമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.

ഇങ്ങിനെയാണ് ഹമീദ് ചേരുമംഗല്ലൂർ എന്നോട് പറഞ്ഞത്, എന്നാൽ പ്രമുഖ ചരിത്രകാരനായ ഗംഗാധരൻ അഭിപ്രായപ്പെട്ടതിങ്ങനെയാണ്. ഹമീദ് വിവാദവുമായി രംഗത്തെത്തിയത് കുടുംബസ്നേഹം കൊണ്ടാകാം. ഇന്ത്യാ പാക് വിഭജനത്തിന് സാഹിബ് എതിരായതിനാൽ അദ്ദേഹത്തിന് കൂടുതൽ ശത്രുക്കളുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അക്കാലത്ത് തന്നെ സംശയങ്ങളും ഊഹാപോഹങ്ങളുമുണ്ടായിരുന്നു. പക്ഷെ അതിനൊന്നും തെളിവുകളുണ്ടായിരുന്നില്ല. കെ.എൻ.എ.ഖാദറിനെപോലുള്ള ലീഗ് നേതാക്കൾ വിവാദം ഏറ്റുപിടിക്കുന്നത് സാഹിബിനോടുള്ള പഴയ ലീഗ് വിരോധം പോകാത്തതുകൊണ്ടാണ്.

വീരപുത്രനെതിരായി കോൺഗ്രസ് നേതാക്കളും രംഗത്തെത്തി. മലപ്പുറം, ഡി.സി.സി. പ്രസിഡന്റായ ഇ.മുഹമ്മദ് കുഞ്ഞിയാണ് ആദ്യം പ്രതികരിച്ചത്. പതിവ് മസാലകൾ ചേർത്ത് അവതരിപ്പിച്ചു അബ്ദു റഹിമാൻ സാഹിബിനെ അവഹേളിച്ചിരിക്കയാണ് വീരപുത്രനിലൂടെ പി.ടി. ചെയ്തിരിക്കുന്നത്. സാഹിബിന്റെ ജീവിതം സിനിമയിലാക്കിയപ്പോൾ അദ്ദേഹം ചരിത്രത്തോട് നീതി പുലർത്തിയില്ല. മലബാർ കലാപത്തിനെതിരെ സാഹിബ് പൂക്കോട്ടൂരിൽ നടത്തിയ പ്രസംഗ ത്തിനൊ ന്നും സിനിമയിൽ പ്രാധാന്യം കൊടുത്തു

കണ്ടില്ല. 1945 നവംബർ 23 നു കൊടിയത്തൂരിലെ യോഗം കഴിഞ്ഞ് സുഹൃത്തിന്റെ വീട്ടിൽ നിന്നു മടങ്ങുമ്പോൾ കുഴഞ്ഞു വീണു സാഹിബ് മരണപ്പെട്ടു എന്നതാണ് ചരിത്ര സത്യം.

തന്റെ സിനിമക്കെതിരായി നടക്കുന്ന പ്രചരണങ്ങൾ അപലീയമാണെന്നാണ് ചിത്രകാരന്റെ സംവിധായകനായ പി.ടി. കുഞ്ഞിമുഹമ്മദ് എന്നോട് പറഞ്ഞത് അദ്ദേഹം തുടരുന്നു. “അബ്ദു റഹിമാൻ സാഹിബിന്റെ മരണം ഭക്ഷണത്തിൽ വിഷം കലർന്നാണെന്ന് എന്റെ പടത്തിൽ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ മരണം കൊലപാതകമല്ല. ചരിത്രത്തിന്റെ പുനർവായനയുമല്ല അത്. കാൽപ്പനികതയും ഭാവനയും കലർത്തിയാണ് സിനിമ ചിത്രീകരിച്ചത്. അബ്ദു റഹിമാനെക്കുറിച്ച് എൻ. പി. മുഹമ്മദ് എഴുതിയ നോവലാണ് തിരക്കഥക്കാധാരം. ഇതൊന്നും മനസ്സിലാക്കാതെ ദുഷ്പ്രചരണം നടത്തി സിനിമ തിയേറ്ററിൽ പരാജയപ്പെടുത്താനുള്ള ശ്രമങ്ങളൊക്കെ അപലീനയമാണ്. ഏതായാലും നീ സുഹൃത്തുക്കളെയൊക്കെ സിനിമ കാണാൻ പ്രേരിപ്പിക്കണം.”

അബ്ദു റഹിമാൻ സാഹിബിന്റെ ജീവന് ഭീഷണിയുണ്ടായിരുന്നുവെന്ന് ചിത്രത്തിലെ വില്ലൻ കഥാപാത്രം പ്രഖ്യാപിക്കുന്നുണ്ട്. ‘‘ഒന്നുകിൽ ബോംബെയിൽ നിന്നും തിരിച്ചു വരുമ്പോൾ അബ്ദു റഹിമാൻ പച്ചക്കൊടി പിടിച്ചിരിക്കും. അല്ലെങ്കിൽ ഇവിടെ അങ്ങനെയൊരാൾ ജീവിച്ചിരിക്കുകയേയില്ല.” ഇക്കാര്യം വ്യക്തമാക്കാൻ ജീവനോടെ തിരിച്ചു വന്ന സാഹിബിനെ വകവരുത്താൻ ഈ കഥാപാത്രം ആസൂത്രണം ചെയ്യുന്നുണ്ടെന്ന് വ്യക്ത




മാക്കുന്ന രംഗങ്ങൾ ചിത്രത്തിന്റെ പല രംഗങ്ങളിലുമുണ്ട്. മാത്രമല്ല അവസാനത്തെ അത്താ ഴം കഴിക്കുമ്പോഴും സംശയാസ്പദമായ രീതിയിൽ ഈ കഥാപാത്രത്തെ കാണാം അവസാനം അബ്ദു റഹിമാൻ സാഹിബ് മരിച്ചു വീഴുന്നതുവരെ ഈ കഥാപാത്രം പിന്തുടരുകയും മരണപ്പെട്ടെന്നു കണ്ട് സംതൃപ്തിയടഞ്ഞാണ് കഥാപാത്രം തിരിച്ചു നടക്കുന്നത്.

ഈ വില്ലൻ തന്നെയാണ് അദ്ദേഹത്തിന്റെ കൊലക്ക് പിന്നിലെന്ന് വ്യക്തമായും മനസ്സിലാക്കാം. ഹൃദയസ്തംഭനമാണ് മരണ കാരണമെന്നാണ് ഡോക്ടർ പറയുന്നതെങ്കിലും അക്കാലത്ത് പോസ്റ്റ്മോർട്ടം കാര്യക്ഷമമായി നടക്കുന്ന കാലമായിട്ടുമില്ല. എന്തായാലും കഥ സിനിമയാക്കിയപ്പോൾ വന്ന വിവാദങ്ങൾ എൻ.പി. പുസ്തകം പുറത്തിറങ്ങിയശേഷം ഉണ്ടായിരുന്നുവെങ്കിൽ വീരപുത്രൻ വിവാദമാകുമായിരുന്നില്ല. ***

അനുസ്മരണം

ശ്രീനിപട്ടത്താനം

# കാക്കനാടന് ആദരാഞ്ജലികൾ



രണ്ടു വർഷം മുമ്പ് കൊല്ലം പബ്ലിക് ലൈബ്രറി അങ്കണത്തിൽ ഒരു ആദരിക്കൽ ചടങ്ങ് നടന്നു. കാക്കനാടനെയും തിരുനല്ലൂരിനെയും ആദരിക്കുന്നതായിരുന്നു ചടങ്ങ്. അന്നത്തെ കൊല്ലം കോർപ്പറേഷൻ മേയർ പത്മലോചനൻ പൊന്നാട ചാർത്തിയശേഷം പറഞ്ഞു. "എന്തായാലും രണ്ടും പേരും പാസ്സ്പോർട്ടും വാങ്ങിയിരിക്കുകയാണ്. ഏത് നിമിഷവും യാത്രയ്ക്കുള്ള തയ്യാറെടുപ്പിലാണ്."

സത്യം പറഞ്ഞാൽ ഈ വർത്തമാനം കേട്ടുകൊണ്ടിരുന്ന ഞങ്ങൾ ഞെട്ടിപ്പോയി.

കാക്കനാടൻ പ്രസംഗിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം ഇതിന് മറുപടി പറഞ്ഞു "മേയർ പറഞ്ഞു ഞങ്ങൾക്ക് പാസ്പോർട്ട് കിട്ടി പോകാനിരിക്കുയാണെന്നു. പക്ഷെ എനിക്കൊരു കാര്യം പറയാനുണ്ട്. പാസ്പോർട്ടെ കിട്ടിയിട്ടുള്ളൂ വിസ കിട്ടിയിട്ടില്ല. അതുകൊണ്ട് മേയർ വിചാരിക്കുന്നതുപോലെ ഉടനെ പോകത്തില്ല."

യോഗം കഴിഞ്ഞു പ്ലാറ്റ്ഫോമിൽ നിന്നിറങ്ങി വന്നപ്പോൾ ഞങ്ങൾ രണ്ടു മൂന്നു പേർ കാക്കനാടന്റെ അടുത്തോട്ടു ചെന്നു. ഞങ്ങളുടെ മനോനില മനസ്സിലാക്കിയ കാക്കനാടൻ പറഞ്ഞു – "ഞാൻ യഥാർത്ഥത്തിൽ മനസ്സിൽ വന്നതെല്ലാം പറഞ്ഞില്ല. പറയാതിരുന്ന കാര്യം നിങ്ങളോട് പറയാം. പണ്ടു ഇതുപോലൊരു വിദ്വാൻ ഇതുപോലൊരു ചടങ്ങിൽ വെച്ച് പറഞ്ഞിട്ട് വീട്ടിൽ പോകുന്നവഴി ആക്സിഡന്റിൽപ്പെട്ടു മരണമടയുകയുണ്ടായി. ആശംസ വാങ്ങിയവർ സുഖമായി വീട്ടിലേക്ക് പോവുകയും ചെയ്തു. ഞങ്ങൾ മരിക്കണമെന്നില്ല. മരണം ആർക്കും എപ്പോഴും വരാം. പക്ഷെ ഞാനതു പറഞ്ഞില്ല. എന്തായാലും കാക്കനാടൻ പറഞ്ഞതുപോലെ ഉടൻ മരണപ്പെട്ടു പോകാതെ ഏതാനും വർഷങ്ങൾകൂടി അദ്ദേഹത്തിന് ജീവിക്കുവാൻ കഴിഞ്ഞു.

കാക്കനാടനുമായി വർഷങ്ങളായുള്ള സൗഹൃദം ഉള്ളതിനാൽ പല സന്ദർഭങ്ങളും വർത്തമാനങ്ങളും ഓർമ്മയിൽ വരികയാണ്. ഒരിക്കൽ കോട്ടയത്ത് നിന്നും രാത്രി ഒൻപത് മണി



യോടെ ബസ്സിൽ ഞാൻ കൊല്ല ത്തേയ്ക്ക് വരികയായിരുന്നു. കുറെ ദൂരം പിന്നിട്ടപ്പോൾ മുമ്പിലൊരു സീറ്റിൽ നിന്നും ഉറക്കെ ശബ്ദത്തിൽ ചില വർത്തമാനങ്ങളും ബഹളങ്ങളും യാത്രക്കാർ വല്ലാതെ അസ്വസ്ഥരായി. പക്ഷെ ആരോ പറഞ്ഞു അതു കാക്ക നാടൻ.... കാക്കനാടൻ.... കാക്കനാടൻ. പെട്ടെന്നു യാത്രക്കാരുടെ ചുണ്ടിൽ ചിരി വന്നു.

കാക്കനാടന്റെ മസ്തിഷ്കത്തിൽ ലഹരിയുടെ കാളിയ മർദ്ദനം നടക്കു കയായിരുന്നു. കാക്കനാടന്റെ ധർമ്മ പത്നി അമ്മിണി കാക്കനാടനെ നിയ ന്ത്രിക്കാൻ വല്ലാതെ പാടുപെടുന്നു. കൂടെ മകളും മരുമകൻ ഗിരിയുമുണ്ട്.

രാത്രി 11 മണിയോടെ കാക്കനാ ടനും കുടുംബവും കൊട്ടാരക്കര ബസ് സ്റ്റാൻഡിലെത്തിച്ചേർന്നു. ബസ്സിൽ നിന്നും ഇറങ്ങുമ്പോൾ നല്ല ബോധമു ണ്ടായിരുന്നില്ല. ബസ് സ്റ്റാന്റിലെ ഒരു സീറ്റിൽ കാക്കനാടൻ ഇരുന്നു. ഞാൻ മെല്ലെ അടുത്തോട്ടു ചെന്നു. എന്നെ കണ്ട മാത്രയിൽ കാക്കനാടൻ എന്റെ പേരു പറഞ്ഞു കൂടെയുള്ളവരോട് പരി ചയപ്പെടുത്താനും വർത്തമാനം പറ യാനും തുടങ്ങി. കാക്കനാടന്റെ സ്നേഹപ്രവാഹം അണപൊട്ടി ഒഴുകു കയായിരുന്നു. ഇതിനിടയിൽ കാക്കനാ ടൻ മരുമകനെ വിളിച്ചു പറഞ്ഞു. എടാ ഗിരി കാറു വിളിയെടാ......... കാറ് വിളി യെടാ കാറ് വിളിക്കാൻ അദ്ദേഹം നിർബന്ധിച്ചുകൊണ്ടിരുന്നു. അവ സാനം കാറ് വന്നു. എന്നെയും നിർബ ന്ധിച്ചു കാറിൽ കയറ്റി. ഞങ്ങൾ കൊല്ല ത്തേയ്ക്ക് പുറപ്പെട്ടു. ഇതിനിടയിൽ ചില വർത്തമാനങ്ങൾ. എന്നെ കടപ്പാ ക്കടയിൽ ഇറക്കി. കാക്കനാടൻ വീട്ടി ലേക്ക് പോയി.

ഞാൻ കാക്കനാടൻ താമസിച്ചി ട്ടുള്ള എല്ലാ വീടുകളിലും ആശുപത്രി കളിലും പോയിട്ടുണ്ട്. മീറ്റിംഗുകൾക്കു ക്ഷണിക്കാനും അസുഖമറിയാനും ചെല്ലുമ്പോഴെല്ലാം നമ്മളോട് കാണി ക്കുന്ന സ്നേഹം വാക്കുകൾക്കതീത മാണ്. സ്വന്തം അഭിപ്രായം എപ്പോഴും തുറന്നു പറയുമായിരുന്നു. "ശ്രീനി ........... ഞാൻ ശ്രീനിയുടെ ആളല്ല. ഞാൻ യുക്തിവാദിയൊന്നുമല്ല" എന്ന പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. യുക്തി വാദി അല്ലെന്നു പറയുമ്പോഴും കാക്ക നാടൻ യുക്തിവാദി സംഘത്തിന്റെ സമ്മേളനങ്ങൾക്ക് വന്നിട്ടുണ്ട്. ക്രിസ്തു വിന്റെ ആറാം തിരുമുറിവ് കേരളത്തിൽ പ്രക്ഷുബ്ധമായിരുന്നപ്പോൾ പള്ളിക്കെ തിരായി ആവിഷ്ക്കാര സ്വാതന്ത്ര്യത്തി

നുവേണ്ടി അദ്ദേഹം പ്രസംഗിക്കാൻ വന്നിട്ടുണ്ട്. ഒരിക്കൽ കാക്കനാടൻ മീറ്റിംഗിന് വരാമെന്ന് പറഞ്ഞു. സമയത്ത് വിളിക്കാൻ ചെല്ലുമ്പോൾ മകൻ പറയുന്നു സുഖമില്ല പനിയാണ്. ഒരു മണിക്കൂർ കഴിഞ്ഞു വന്നുനോക്കുക. മകൻ പറഞ്ഞതിന്റെ പൊരുൾ പിന്നീടാണ് എനിക്ക് മനസ്സിലായത് പനിയായി കിടക്കുന്നെന്നു പറഞ്ഞാൽ അതിന്റെ യർത്ഥം മദ്യമയക്കം എന്നാണ്.

ഒരിക്കൽ ഞാൻ പറഞ്ഞു അങ്ങ് ഇനി മദ്യപിക്കരുത്. അദ്ദേഹം മറുപടി പറഞ്ഞു അതൊന്നും നിർത്താൻ പറ്റില്ല. മദ്യം കഴിക്കാത്തവർ മരിക്കുന്നില്ലെ പുക വലിക്കാത്തവർ മരിക്കുന്നില്ലെ പുക വലിക്കാത്ത എത്രയോപേർക്ക് ക്യാൻസർ വരുന്നു എന്നാണ് തിരിച്ചു ചോദിച്ചതു. കാക്കനാടന്റെ കരളിന് കേടു പിടിച്ചിട്ടും കാക്കനാടന്റെ വിശ്വാസംപോലെ അദ്ദേഹം 76-ാം വരെ ജീവിച്ചു. ബെൻസിഗർ ആശുപത്രിയിൽ ഏതാനും വർഷം മുമ്പ് സുഖമില്ലാതെ കിടക്കുമ്പോൾ വളരെ ശോചിച്ചു കണ്ടത്. എന്നാൽ അതിനുശേഷം പാരിപ്പള്ളി ആയുർവേദാശുപത്രിയിൽ ചികിത്സയിൽ കഴിയുമ്പോൾ വളരെ ആരോഗ്യവാനും ചെറുപ്പവുമായിട്ടാണ് കണ്ടത്. അന്നദ്ദേഹം പറഞ്ഞു ഞാൻ മദ്യപാനം നിർത്തിയിരിക്കുകയാണെന്ന്.

അത്യന്താധുനിക സാഹിത്യം കത്തി നില്ക്കുന്ന കാലത്ത് ഞാനദ്ദേഹത്തോട് ചോദിച്ചു അങ്ങു ഏതു പക്ഷത്താണ്. മറുപടിയായി പറഞ്ഞതു ഞാൻ സ്വതന്ത്രനാണെന്നായിരുന്നു. മദ്യപിച്ചാലെ എഴുത്തുവരികയുള്ളു വെന്നം മദ്യപിച്ചിരുന്നു എഴുതുന്നത് ഈ മനോഹര സാഹിത്യം ഉണ്ടാവുന്നതെന്നും പറയുന്നത് ശരിയാണോ? അദ്ദേഹം പറഞ്ഞു. ഒരിക്കലുമില്ല. മദ്യപിച്ചതിനുശേഷം ഒരു വാക്കുപോലും ഞാനെഴുതിയിട്ടില്ല. മദ്യപിച്ചാൽ എഴുതാൻ കഴിയില്ല. അഷ്ടമുടിക്കായലിന്റെ തീരങ്ങളിൽ താമസിച്ചിരുന്ന കാലത്താണ കാക്കനാടനിൽ നിന്നും ആധുനികതയുടെ മണിമുഴങ്ങുന്ന സൃഷ്ടികൾ ഉണ്ടായത്. ഇരവിപുരത്തേക്ക് താമസമാറ്റം മാറിയതിനുശേഷം അതുണ്ടായിട്ടില്ല.

1979 ലാണു കാക്കനാടനെ ഞാനാദ്യമായി കാണുന്നത്. മലയാളനാട് വാരികയുടെ നേതൃത്വത്തിൽ കൊല്ലത്തു അന്നൊരു സാഹിത്യ സംഘടന ഉണ്ടായിരുന്നു. ധിഷണ എന്നായിരുന്നു അതിന്റെ പേർ. ധിഷണ ഒരു നോവൽ ക്യാമ്പ് സംഘടിപ്പിച്ചു. അതിൽ തകഴിയും, വിലാസിനിയും, പാറപ്പുറവും, എ. പി. കളയ്ക്കാടും, കാക്കനാടനും ഉണ്ടായിരുന്നു. അന്നു കാക്കനാടൻ നടത്തിയ പ്രസംഗം ഞാൻ എഡിറ്റ് ചെയ്തിരുന്ന രണരേഖയിൽ കൊടുത്തിരുന്നു. ആ ഭാഗം ഇവിടെ ഉദ്ധരിക്കുന്നു. "ഞാനും ധിഷണയും തമ്മിലുള്ള ബന്ധമാണ് എന്നെ നോവൽ ക്യാമ്പിൽ പങ്കെടുക്കുവാൻ പ്രേരിതനാക്കിയത്. പക്ഷെ ഇത്തരം നോവൽ ക്യാമ്പ്കൊണ്ട് എഴുതിത്തുടങ്ങുന്നവർക്ക് ഒരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. പകരം ഗ്രൂപ്പ് ചർച്ചകളാണ് നടത്തേണ്ടത്. ഗ്രൂപ്പ് ചർച്ചകൾ നടത്തുന്നതുമൂലം ഇരുകൂട്ടർക്കും പ്രയോജനപ്രദമായ കാര്യങ്ങൾ ഉരുത്തിരിഞ്ഞുവരും. സീനിയറായിട്ടുള്ളവർ ജൂനിയറെയും ജൂനിയർ ആയിട്ടുള്ളവർ സീനിയറെയും പരസ്പരം സ്വാധീനിക്കും. അതാണ് ഏറ്റവും പ്രയോജനപ്രദ"മെന്ന് കാക്കനാടൻ പറഞ്ഞു.

ആധുനിക സാഹിത്യത്തിന്റെ പെരുന്തച്ചനും മനുഷ്യ സ്നേഹിയുമായിരുന്ന കാക്കനാടന്റെ ദേഹവിയോഗത്തിൽ യുക്തിരാജ്യം ഖേദിക്കുന്നു. യുക്തിരാജ്യത്തിന്റെ ആദരാഞ്ജലികൾ.

***

# സെമിനാർ നവംബർ 6 ന്

ഭാരതീയ യുക്തിവാദി സംഘം എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വുമൺ കോഡ് ബിൽ "സത്യവും തെറ്റിദ്ധാരണകളും" എന്ന വിഷയത്തെക്കുറിച്ച് സെമിനാർ. മനഃശാസ്ത്രജ്ഞൻ ഡോ. കെ.എസ്.ഡേവിഡ്, പ്രൊഫ. സി.രവിചന്ദ്രൻ, ഫാ.പോൾ തേയിലക്കാട്, ടി.ജി.മോഹൻദാസ്, ടി.പരമേശ്വരൻ തുടങ്ങിയവർ പങ്കെടുക്കുന്നു. ബോസ് ആഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക്




മാസ്മര സന്ധ്യ
മാജിക് ഹിപ്നോരമ

മാന്ത്രിക കേരളത്തിന്റെ അഭിമാനം

മജീഷ്യൻ രാജീവ് മേമുണ്ട

യും സംഘവും അവതരിപ്പിക്കുന്ന മാന്ത്രിക കലാവിരുന്ന്.
കൂടാതെ പരിസ്ഥിതിജാലം (പരിസ്ഥിതി മാജിക് ഷോ),
ദിവ്യാത്ഭുത അനാവരണം എന്നിവയും അവതരിപ്പിക്കുന്നു.
ബന്ധപ്പെടേണ്ട വിലാസം : രാജീവ് മേമുണ്ട, മജീഷ്യൻ,
വടകര – 673104, മൊബൈൽ:9495784597, 9605470911

# പൊതു നിരത്തിലെ ആരാധനാലയങ്ങൾ; സർക്കാർ തീരുമാനം ശ്ലാഘനീയം

കൊല്ലം : വികസനത്തിന് തടസ്സമായി നിൽക്കുന്ന പൊതുനിരത്തിലെ ആരാധനാലയങ്ങൾ 2012 ഡിസംബർ 31 ന് മുമ്പ് നീക്കം ചെയ്യുമെന്ന് ചീഫ് സെക്രട്ടറി സുപ്രീം കോടതിയെ അറിയിച്ചത് ശ്ലാഘനീയമായ നടപടിയാണെന്ന് ഭാരതീയ യുക്തിവാദി സംഘം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീനി പട്ടത്താനം പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.2008 ലും 2009 ലും സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്നും ഇപ്പോൾ പ്രകോപനപരമായി കോടതി ഇടപെട്ടപ്പോഴാണ് ഇങ്ങനെ ഒരു തീരുമാനം ഉണ്ടായതെന്നും പ്രസ്താവനയിൽ സൂചിപ്പിച്ചു.



**മതരഹിത വിവാഹം**


കോട്ടയം. തലയോലപ്പറമ്പ് ഇരുമ്പയം പട്ടാട്ട് വീട്ടിൽ പി.എൻ.നയനചന്ദ്രന്റെയും രമാനയനചന്ദ്രന്റെയും മകൾ റാണിയും ആലുവ ചന്ദ്രത്തിൽ പറമ്പിൽ റ്റി.എം.അച്യുതന്റെയും വി.പി.മമതാഭായിയുടെയും മകൻ വി.എ.റിജോഷും തമ്മിലുള്ള മതരഹിത വിവാഹം വധൂഗ്രഹത്തിൽ വെച്ച് നടന്നു. വൈക്കം എം.എൽ.എ കെ.അജിത്ത്, കോട്ടയം മുൻ ജില്ലാ പഞ്ചായത്തംഗം കെ.ജി.ശശികല, പ്രൊഫ.കെ.ഡി.സുധാകരൻ, അനി തുടങ്ങിയവർ വധൂവരന്മാരെ അനുമോദിച്ചു സംസാരിച്ചു. വിവാഹത്തിൽ അറുന്നൂറോളം പേർ പങ്കെടുത്തു.

**യുക്തിരാജ്യം വാർഷിക വരിസംഖ്യ**

**ഒരു വർഷത്തേക്ക് 80 രൂപ**

**വിലാസം: മാനേജർ, യുക്തിരാജ്യം, കൊല്ലം-21. 0474-2762033**

## സംഘം വാർത്തകൾ



# പ്രൊഫ. എ. ടി. കോവൂർ നാഷണൽ അവാർഡ് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിക്ക്

കൊല്ലം : മതരഹിതമായ കലയും സാഹിത്യവും ജീവിതരീതിയും ശാസ്ത്രവും മികവുറ്റ അളവിൽ സംഭാവന ചെയ്ത വ്യക്തികളെ ആദരിക്കുന്നതിനുവേണ്ടി ഭാരതീയ യുക്തിവാദി സംഘം ഏർപ്പെടുത്തിയ പ്രൊഫ. എ.ടി. കോവൂർ നാഷണൽ അവാർഡ് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിക്ക് നൽകാൻ എം.കെ.സാനു, മനഃശാസ്ത്രജ്ഞൻ ഡോ. കെ.എസ്.ഡേവിഡ്, പത്രപ്രവർത്തകൻ കെ.എം.റോയി, ജോൺസൺ ഐരൂർ എന്നിവർ അംഗങ്ങളായുള്ള ജഡ്ജിംഗ് കമ്മിറ്റി തീരുമാനിച്ചു.

ശാസ്ത്രത്തെ മനഷ്യസമൂഹത്തിന്റെ ആനന്ദത്തിനുവേണ്ടി പ്രയോഗിച്ചതിനും അതുല്യമായ മാനവിക പ്രവർത്തനങ്ങൾക്കും നൈതിക മൂല്യങ്ങൾക്കുവേണ്ടിയുള്ള ഇടപെടലുകളെയും കണക്കിലെടുത്താണ് 2010 ലെ അവാർഡ് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിക്ക് നൽകുന്നതെന്ന് ജഡ്ജിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു.



മാനവികതയും ശാസ്ത്രവും പ്രതീകവൽക്കരിക്കുന്ന വെങ്കലത്തിൽ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തി പത്രവുമാണ് പുരസ്കാരം. പ്രഥമ പുരസ്കാരം സ്വീകരിച്ചത് ദക്ഷിണേന്ത്യൻ സിനിമയിലെ ഇതിഹാസമായ കമൽഹാസനാണ്. പുരസ്കാര സമ്മേളനം, ജനുവരി അവസാനം എറണാകുളത്ത് വെച്ച് നടക്കും. പത്രസമ്മേളനത്തിൽ ശ്രീനിപട്ടത്താനം, പി.റ്റി. വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

# ജാതി മതാടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകരുത്

കണ്ണൂർ : ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുന്നത് നിർത്തലാക്കണമെന്ന് ഭാരതീയ യുക്തിവാദി സംഘം കണ്ണൂർ ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. സർക്കാർ സ്ഥാപനങ്ങളിലും സർക്കാരിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളിലും മതപരമായ ചടങ്ങുകളും ആചാരങ്ങളും പ്രാർത്ഥനകളും നടത്തുന്നത് മതേതരത്വത്തിന് വിരുദ്ധമാണെന്നും ഇത്തരം പരിപാടികൾ ഉപേക്ഷിക്കണമെന്നും രാജ്യത്തെ മുഴുവൻ പൗരന്മാർക്കും ബാധകമാകുന്ന ഏകീകൃത സിവിൽ കോഡ് നിർമ്മിച്ച് നടപ്പിലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഭാരതീയ യുക്തിവാദി സംഘം കണ്ണൂർ ജില്ലാ പ്രവർത്തക സമ്മേളനം 2011 ഒക്ടോബർ 30 ന് കണ്ണൂരിൽ വെച്ച് നടത്താൻ തീരുമാനിച്ചു. ജില്ലാ സെക്രട്ടറി കൃഷ്ണൻ കാനായി സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡന്റ് പി.ഗോപാലൻ അധ്യക്ഷത വഹിച്ചു.

മത വിശ്വാസം അന്ധവിശ്വാസമാണ്. ഏത് മതത്തിൽപ്പെട്ടവരായാലും വിരോധമില്ല. അന്ധവിശ്വാസത്തിന് അടിമപ്പെടാതിരുന്നാൽ മതി എന്ന് പറയുന്നവർ യുക്തിവാദികളല്ല. സംവരണാനുകൂല്യം ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് വാങ്ങി യുക്തിവാദം പ്രസംഗിക്കുന്നവരെ യുക്തിവാദി സംഘത്തിന് അംഗീകരിക്കുവാൻ പറ്റുന്നതല്ല. ഇത്തരക്കാരെ തിരിച്ചറിയേണ്ടതുണ്ടെന്ന് സംസ്ഥാന വൈസ് പ്രസിഡന്റ് വി.വി.പ്രഭാകരൻ എടുത്തു പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗം ചന്ദ്രിക സി.വി., ബാലൻ കെ.ചമ്പാട്, പി.കെ.രഘുത്തമൻ തുടങ്ങിയവർ പ്രസംഗിച്ചു.

# എം.സി.ജോസഫ് വയലാർ രാമവർമ്മ അനുസ്മരണ സമ്മേളനം

മുവാറ്റുപുഴ : ഭാരതീയ യുക്തിവാദി സംഘം മുവാറ്റുപുഴ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണ സമ്മേളനം നടന്നു. നാസ് ആഡിറ്റോറിയത്തിൽ സംസ്ഥാന കമ്മിറ്റി മെമ്പർ രവി മുവാറ്റുപുഴയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കേരളീയ നവോത്ഥാനത്തിൽ യുക്തിവാദി എം.സി.ജോസഫിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ. രവിചന്ദ്രനും 'വയലാർ, രാമവർമ്മ കവിയും കവിതയും' എന്ന വിഷയത്തെക്കുറിച്ച് ഡോ. പള്ളിപ്പുറം മുരളിയും പ്രഭാഷണം നടത്തി. പ്രൊഫ. കെ.ഡി.സുധാകരൻ സ്വാഗതവും ജോസഫ് വടക്കൻ നന്ദിയും രേഖപ്പെടുത്തി.

### മാർക്സിസവും യുക്തിവാദവും

മുവാറ്റുപുഴ : മുവാറ്റുപുഴ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പഠന ക്ലാസ്സ് നടന്നു. മാർക്സിസവും യുക്തിവാദവും" എന്ന വിഷയത്തെക്കുറിച്ച് പ്രമുഖ യുക്തിവാദിയും ഗ്രന്ഥകാരനുമായ എം.ടി.ഋഷികുമാർ ക്ലാസ്സെടുത്തു. നാസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന യോഗത്തിൽ ജോസഫ് വടക്കൻ അധ്യക്ഷത വഹിച്ചു. സി.എ.മണി സ്വാഗതവും രവി മുവാറ്റുപുഴ നന്ദിയും പറഞ്ഞു.

### യുക്തിയുടെ യുഗം

ആധുനിക യുക്തിവാദ പ്രസ്ഥാനത്തെയും പ്രമുഖ യുക്തിവാദികളെയും പരിചയപ്പെടുത്തുന്ന പ്രൊഫ. രവിചന്ദ്രന്റെ പ്രഭാഷണം. ഡി.വി.ഡി.കൾക്ക് ബന്ധപ്പെടുക. ഫോൺ : 9495714658

RNI.Rgn.No.KERMAL/02/11008 YUKTHIRAJYAM November, 2011
KL/QN/300/2009-11 SWATHANTHRA CHINTHA MONTHLY Price Rs.7/-

## അടുത്ത ലക്കത്തിൽ



# മതമാഫിയയ്ക്കെതിരെ ഒരു പെൺകുട്ടിയുടെ പോരാട്ടം

## പിതാവിനോടുള്ള പക തീർക്കാൻ ബലിയാടായ മകൾ ഇന്ദുലേഖ തുറന്ന് എഴുതുന്നു.

printed and published by R.Rajaneesh, Aramam, Pattathanam.P.O, Kollam. Printed at Sujilee Printers, Chathanoor for Shalom Printers, No.2 Junction, Punthalathazham, Kollam-4, Keralam. Published from Aramam, Pattathanam, Kollam 21, Kerala, Edited by Sreeni Pattathanam (Editor)